വചനദൂത്
Vol. IX Issue :11



കൈത്താക്കാലം
ഏഴാം ഞായർ

# ന്യായാധിപനും വിധവയും

ലൂക്കാ 18:1–14

ബ്രദർ ബാസ്റ്റിൻ പുല്ലംതാനിക്കൽ

ഫലം ചൂടിനിൽക്കുന്ന തിരുസഭയെ അനുസ്മരിക്കുന്ന കൈത്താക്കാലത്തിലെ 7–ാമത്തെ ഞായറാഴ്ചയായ ഇന്ന് തിരുസഭ നമ്മുടെ വിചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നല്കുന്നത് വി. ലൂക്കായുടെ സുവിശേഷം 18–അദ്ധ്യായം 1–14 വരെയുള്ള വചനങ്ങളാണ്. നിരന്തരമായി പ്രാർത്ഥിക്കണമെന്നും അത് എപ്രകാരമാകണമെന്നും ക്രിസ്തു രണ്ട് ഉപമകളിലൂടെ നമ്മെ പഠിപ്പിക്കുകയാണ്. ക്രിസ്തുവിനോട് പ്രാർത്ഥനയിൽ ചേർന്നു നിന്നാൽ മാത്രമേ ഫലം നല്കാനാവൂ എന്ന് തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നിൽ നിലനില്ക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ഫലം നല്കാൻ കഴിയില്ലായെന്ന് യോഹ 15:4 – ലൂടെ ക്രിസ്തു ഇതിന് അടിവരയിടുകയും ചെയ്യുന്നു.

സമീപകാലങ്ങളിൽ കേരളം കണ്ട ഏറ്റവും വലിയ പ്രകൃതി ക്ഷോഭത്തിന് നാം സാക്ഷികളാണ്. ഓഖി ദുരന്തമായും നിപ വൈറസായും, അവസാനം പ്രളയക്കെടുതിയായും നാം തരിച്ചുനില്ക്കുകയാണ്. വിദ്യാഭ്യാസത്തിലും വികസനത്തിലും പാശ്ചാത്യരാജ്യങ്ങളോട് കിടപിടിക്കുമെന്ന് ഊറ്റം കൊള്ളുന്ന ഒരു ശരാശരി മലയാളി ഇന്ന് നിസ്സഹായനാണ്, ശാസ്ത്രത്തിനും സാങ്കേതികവിദ്യക്കും ഒരു പരിധിയുണ്ടെന്നും അവ നല്കുന്ന സാദ്ധ്യതകൾ അനന്തമല്ലെന്നും കുറച്ചുപേരെങ്കിലും തിരിച്ചറിയുന്ന അവസരമാണിത്. ദൈവത്തെ മനുഷ്യഹൃദയത്തിൽ നിന്നും പറിച്ചുമാറ്റാൻ ബോധപൂർവ്വം ശ്രമം നടക്കുമ്പോൾ അറിയാതെയെങ്കിലും ആരും കേൾക്കാതെയെങ്കിലും 'ദൈവമേ' എന്നൊന്നു വിളിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാകുന്നു; കൊതിക്കുന്നു. പക്ഷെ ഇവിടെയും, ദൈവം ഉണ്ടെങ്കിൽ അവിടുന്ന് സ്നേഹനിധിയാണെങ്കിൽ നിസ്സഹായരായ ഞങ്ങൾക്ക് ഈ ഗതി ഉണ്ടാകുമോ എന്ന

വേദനയും ഉയരുന്നു. ഈ സാഹചര്യത്തിൽ ഇന്നത്തെ വചനഭാഗം പ്രസക്തമാണ്.

ഇന്നത്തെ സുവിശേഷഭാഗം രണ്ട് ഉപമകളിലായി 4 വ്യക്തിത്വങ്ങളിലൂടെയാണ് കടന്നുപോകുന്നത് നീതിരഹിതനായ ന്യായാധിപന്റെയും നിസ്സഹായയായ വിധവയുടെയും ഉപമയിലൂടെ നിരന്തരം പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയും ചുങ്കകാരന്റെയും ഫരിസേയന്റെയും ഉപമയിലൂടെ എപ്രകാരം പ്രാർത്ഥിക്കണമെന്നും വ്യക്തമാക്കുന്നു.

ഇന്ന് നാം വായിച്ചുകേട്ട വചനഭാഗങ്ങൾ, പഴയനിയമവായനയും പുതിയ നിയമഭാഗങ്ങളും ഏറ്റവുമധികം ചർച്ച ചെയ്യുക നീതി എന്ന പദമാണ്. മനുഷ്യ നീതിയും ദൈവനീതിയും നമ്മുടെ ശ്രദ്ധയിൽ കടന്നുവരുന്നു.

പഴയ നിയമവായന ദൈവത്തോടും സഹോദരങ്ങളോടും എപ്രകാരം നീതിയിൽ വർത്തിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു. അർഹിക്കുന്നതിനോടൊപ്പം അർഹിക്കാത്ത കരുതലും വാത്സല്യവും കരുണയും ശത്രുക്കൾക്ക് പോലും നൽകണമെന്ന് പൗലോസ് ശ്ലീഹാ തെസലോനിക്കാക്കാർക്ക് എഴുതിയ ലേഖനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

സുവിശേഷ ഭാഗത്തേക്ക് തന്നെ നമുക്ക് വരാം. പ്രാർത്ഥനയുടെ പ്രാധാന്യം ശക്തമായി വരച്ചുകാട്ടുന്ന ലൂക്കാ സുവിശേഷകന്റെ ശൈലി ഈ ഉപമകളിൽ പ്രകടമാണ്. ഈ ഉപമ ലൂക്കാ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. പ്രാർത്ഥിക്കുവാൻ പിൻവാങ്ങിയിരുന്ന ഈശോയെയും (3,20:5.16; 6,12) പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്തിരുന്ന ഈശോയെയും (6,28;11;1-13) അവതരിപ്പിച്ച സുവിശേഷകൻ പ്രാർത്ഥനയുടെ പ്രാധാന്യം ഈ ഉപമകളിലൂടെ ഉറപ്പിക്കുന്നു.

പ്രാർത്ഥിക്കുന്നതിനു മുമ്പ് ക്രിസ്തുവിലുള്ള വിശ്വാസം അത്യന്താപേക്ഷിതമാണെന്ന് സുവിശേഷകൻ ഓർമ്മപ്പെടുത്തുന്നുണ്ട്. തൊട്ടുമുമ്പത്തെ സുവിശേഷഭാഗം (Chptr 14) അവസാനിക്കുക മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. 18-8- ൽ ന്യായാധിപന്റെയും വിധവയുടെയും ഉപമയുടെ അവസാനം 'മനുഷ്യപുത്രൻ വരുമ്പോൾ' ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന് ആകുലപ്പെടുന്ന ക്രിസ്തുവിനെ നാം കണ്ടുമുട്ടുന്നു. ഇവിടെ നാം ചിന്തിക്കേണ്ടത് നാം ദൈവത്തോട് പുലർത്തേണ്ട അടിസ്ഥാന നീതിയായ വിശ്വാസത്തെക്കുറിച്ചാണ്. ദൈവത്തെ ഹൃദയത്തിന്റെ ഉള്ളറകളിൽ നിന്നും പിഴുതുകളഞ്ഞാൽ നാം ഒന്നുമല്ലായെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ വിശ്വാസമാണ് നമ്മുടെ പ്രാർത്ഥനയുടെ അടിസ്ഥാനം. ദൈവഹിതത്തിനു പകരം ഒരുവൻ തന്റെ തന്നെ ശരികളിലേക്കു മടങ്ങുക വിശ്വാസത്തിന് എതിരാണ്. മനുഷ്യപുത്രനിൽ വിശ്വസിക്കാതെയുള്ള മുന്നേറ്റം പാഴ്‌വേല മാത്രമാണ്. ഓർക്കുക, മനുഷ്യൻ ചെയ്ത പാപം അവനെ തന്നെ അവന്റെ അളവുകോലാക്കിയെന്നതാണ്. Man made himself the referance point of his life.

വിധവ എന്നത് നിസ്സഹായതയുടെ പര്യായമാണ്. ലൂക്കാ സുവിശേഷത്തിൽ പലഭാഗത്തും വിധവകളോട് കാരുണ്യം കാട്ടുന്ന ക്രിസ്തുവിനെ അവതരിപ്പിച്ചിട്ടുണ്ട്. [LK 7:11-17 (Nain) 21:1-3 (Offertory);LK 2:37(Anna)] ഇവരെല്ലാം നിരാലംബരും അശക്തരുമാണ്. ഇവരെപ്പോലെ അശക്തയായ ഒരു വിധവ ന്യായാധിപന്റെ മുമ്പിൽ കേഴുമ്പോൾ അനീതി നിറഞ്ഞവനെങ്കിലും അയാൾ ആ സ്ത്രീയോട് നീതി പുലർത്തുന്നു. നീതി സത്യസന്ധമായി നൽകണമെന്ന സങ്കീർത്തനം 82:3-4- ലും, എപ്രകാരം ഒരു ന്യായാധിപൻ ആകരുതെന്ന് Jer 5, 28.29 ലും നാം വായിക്കുന്നുണ്ടെങ്കിലും ഇതിനെല്ലാം എതിരായി നിൽക്കുന്ന ന്യായാധിപനാണ് ഇവിടെ നീതി നടത്തികൊടുക്കുക. ഇയാൾ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യനെ മാനിക്കുകയോ ചെയ്യാത്ത സ്വന്തം മനസാക്ഷിയുടെ അളവുകോലിൽ ജീവിക്കുന്ന വ്യക്തിയാണ്. ദൈവം ആവശ്യമില്ല, നന്നായിട്ട് ജീവിച്ചാൽ മാത്രം മതിയെന്ന വാദക്കാരുടെ പ്രതിനിധിയാണ്. അങ്ങനെയൊരാൾ നന്മചെയ്യുന്നു. ഒരു താരതമ്യ പഠനം ഇവിടെ ആവശ്യമാണ്. ഇത്രമേൽ അനീതി നിറഞ്ഞ ഒരുവൻ തീർത്തും നിസ്സഹായയായ ഒരുവൾക്ക് നീതി നടത്തികൊടുക്കുന്നുവെങ്കിൽ സ്വന്തം മക്കൾക്ക് പിതാവ് എത്രയോ എളുപ്പം നീതി നടത്തികൊടുത്തിരിക്കും.

പക്ഷെ ഒരു നിബന്ധനയുണ്ട്, നിരന്തരം പ്രാർത്ഥിക്കണം. എപ്പോഴെങ്കിലും ഒരു സമയത്തല്ല തുടർച്ചയായി. 18,7-ൽ 'രാവും പകലും' എന്നെ വിളിച്ചു കരയുന്നവർ എന്നാണ് നാം വായിക്കുക. ബൈബിൾ പഠിക്കുമ്പോൾ പ്രത്യേകിച്ച് പഞ്ചഗ്രന്ഥയിൽ 'Merism' എന്ന സാഹിത്യരൂപം നാം കണ്ടുമുട്ടാറുണ്ട്. വ്യത്യസ്ത ധ്രുവങ്ങളിൽ അവയ്ക്കുള്ളിലെ സകലതിനെയും സമന്വയിപ്പിക്കുന്ന രീതി. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു പറയുമ്പോൾ ആകാശത്തിലും ഭൂമിയിലുമുള്ള സകലതിനെയും (Totality) അർത്ഥമാക്കുന്നു. ഇവിടെ രാവും പകലും എന്നു പറയുമ്പോൾ എല്ലാ സമയവും എന്നാണർത്ഥമാക്കുക. വി.ആഗസ്റ്റിൻ പഠിപ്പിക്കുന്നു. "ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിന്റെ ഓരോ ചലനവും ഉറങ്ങുമ്പോൾ പോലും പ്രാർത്ഥനയാണ് ". ഫ്രാൻസീസ് പാപ്പ, യുവാക്കളുടെ ഇടയിലും ഡാൻസ് ബാറിലും ജീൻസ് ധരിക്കുന്നവരുടെ ഇടയിലും നിന്ന് വിശുദ്ധരുണ്ടാകണമെന്ന് പറയുമ്പോൾ ഈ മനോഭാവമാണ് ഉദ്ദേശിക്കുക. കണ്ടുമുട്ടുന്നവരെ സന്തോഷത്തോടെ അഭിവാദ്യം ചെയ്യുമ്പോൾ, പുഞ്ചിരിക്കുമ്പോൾ, ആത്മാർത്ഥതയോടെ ജോലികളിൽ ഏർപ്പെടുമ്പോൾ, കളിക്കുമ്പോൾ, ക്ഷമ ചോദിക്കുമ്പോൾ, ക്ഷമ കൊടുക്കുമ്പോൾ നമ്മളും നിരന്തരം പ്രാർത്ഥിക്കുന്നവരാകും. അതോടൊപ്പം ഫരിസേയനെപ്പോലെ സ്വന്തം നന്മകളിലാശ്രയിക്കാതെ ചുങ്കക്കാരനെപ്പോലെ വിനീതനാവുകകൂടി ചെയ്യുമ്പോൾ നാം കൂടുതൽ നീതികരിക്കപ്പെടും....സ്വീകാര്യരാവും.

ഇപ്രകാരം സ്വന്തം നന്മകളിലാശ്രയിക്കാതെ ദൈവത്തിൽ വിശ്വാസമർപ്പിച്ച്, ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തോടെ നിരന്തരം എളിമയോടെ പ്രാർത്ഥിച്ച്, ദൈവനീതിയെ പ്രാപിക്കാൻ അവിടുന്ന് നമ്മെ ശക്തരാക്കട്ടെ. വലിയ ദുരന്തങ്ങളിൽ വേദനകളിൽ ദൈവത്തിന്റെ കരം നമ്മെ ശക്തിപ്പെടുത്തട്ടെ. അചഞ്ചലമായ വിശ്വാസത്തോടും, പ്രത്യാശ നിർഭരമായ ശരണത്തോടും കൂടി ദൈവനീതിയെ നമുക്ക് കാത്തിരിക്കാം. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും....